# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

നവംബർ–30, 2017 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## കേരളത്തിൽ ഇ–വേബിൽ സംവിധാനം ഡിസംബറിൽ

തിരുവനന്തപുരം: ജി.എസ്.ടി നിയമത്തിന്റെ കീഴിൽ വരുന്ന സംസ്ഥാന, അന്തർ സംസ്ഥാന ചരക്ക് നീക്കത്തിനാവശ്യമായ പുതിയ ഇ–വേബിൽ സംവിധാനം ഡിസംബറിൽ കേരളത്തിൽ നിലവിൽ വരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

ഇ–വേബിൽ സംവിധാനം നിലവിൽ വരുന്നതോടെ അൻപതിനായിരം രൂപയിൽ അധികം മൂല്യമുള്ള എല്ലാ ചരക്ക് നീക്കങ്ങളും മുൻ കൂറായി ഓൺലൈനിൽ വെളിപ്പെടുത്തണം. ഇതോടെ ചരക്കുമായി വരുന്ന വാഹനങ്ങളുടെ യാത്ര തടസ്സപ്പെടുത്താതെ തന്നെ വാഹനത്തിലെ ചരക്കിന്റെ വിവരങ്ങൾ ചരക്ക് സേവന നികുതി ഉദ്ധ്യോഗസ്ഥർക്ക് ലഭ്യമാകും. ഇതോടെ ചരക്ക് നീക്കം സുതാര്യമാകും.

ഇ–വേബിൽ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി വരുംദിവസങ്ങളിൽ ചരക്ക് സേവന നികുതി വകുപ്പ് സംസ്ഥാന വ്യാപകമായി വ്യാപാരികൾക്കും, ചരക്ക് വാഹന ഉടമകൾക്കും, ടാക്സ് പ്രാക്ടീഷണർമാർക്കും പരിശീലനം നൽകും. പരീശലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള വ്യാപാരികൾ, ചരക്ക് വാഹന ഉടമകൾ, പ്രാക്ടീഷണർമാർ എന്നിവർ അതാത് ജില്ലയിലെ ചരക്ക് സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുമായി ബന്ധപ്പെടണം.